ഫസ്റ്റ് ബെൽ
പഠന പിന്തുണാ സാമഗ്രി
മലപ്പുറം വിദ്യാഭ്യാസ ജില്ല

## അടിസ്ഥാനപാഠാവലി 10
## ജീവിതം പടർത്തുന്ന വേരുകൾ

Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

### വേരുകൾ - കഥാവിശകലനം



**കു**ട്ടി അമ്മയോട് ചോദിച്ചു: "ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ..."

"അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചുനിൽക്കുന്നു." അമ്മ പറഞ്ഞു.

"അപ്പോൾ നമ്മുടെ വേരുകളോ?"

"അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ."

- വേരുകൾ (ഡി. വിനയചന്ദ്രൻ)

കുട്ടിയും അമ്മയും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചല്ലോ?

വൃക്ഷങ്ങളെല്ലാം വീഴാതെ നിൽക്കുന്നത് അവയ്ക്കെല്ലാം ഭൂമിയിൽ ഉറച്ച വേരുകളുള്ളതുകൊണ്ടാണെന്ന് അമ്മ പറയുന്നു.

ഇതു ശരിയാണോ?
താഴെയുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ.







എത്രമാത്രം ആഴത്തിലും ദൂരത്തിലും ദൃഢമായിട്ടാണ് വൃക്ഷങ്ങളുടെ വേരുകൾ സഞ്ചരിക്കുന്നത് എന്നു മനസിലായല്ലോ. ശക്തമായ കാറ്റിലും പേമാരിയിലും വൃക്ഷങ്ങളെ വീഴാതെ സംരക്ഷിക്കുന്നത് ഈ വേരുകളാണ് .

അങ്ങനെയെങ്കിൽ ഭൂമിയിൽ വീഴാതെ നിൽക്കുന്ന മനുഷ്യന്റെ വേരുകളെവിടെയാണെന്ന് കുട്ടി വീണ്ടും ചോദിക്കുന്നു.

സംശയമൊട്ടുമില്ലാതെ അമ്മ " അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ " എന്നുത്തരം നൽകി.

അമ്മയുടെ ഉത്തരം നിങ്ങളിൽ ചില ചിന്തകളുണർത്തിയിട്ടുണ്ടാവും. എന്തൊക്കെയാണത്?

*1. മനുഷ്യനും വീഴാതെ നിൽക്കണമെങ്കിൽ ആഴത്തിലുള്ള വേരുകൾ വേണം.*
*2. ഈ വേരുകൾ അദൃശ്യങ്ങളാണ് എങ്കിലും ദൃഢമാണ്*
*3. വൃക്ഷങ്ങൾ വീഴാതെ നിൽക്കുന്നതു പോലെ വേരുകൾ മനുഷ്യനേയും വീഴാതെ നിർത്തുന്നു.*

എന്നാൽ വൃക്ഷം വീഴുന്നതു പോലെയാണോ മനുഷ്യന്റെ വീഴ്ച? മനുഷ്യജീവിതമാകുന്ന ഒരു വൃക്ഷത്തെ സങ്കല്പിക്കൂ. ഇനി ആ വൃക്ഷത്തെ വീഴാതെ നിർത്തുന്ന വേരുകൾ എന്തൊക്കെയാണെന്നു പറയാമോ?

ഇനി താഴെയുള്ള ചിത്രം പൂരിപ്പിക്കാൻ ശ്രമിക്കൂ. ഉത്തരം കിട്ടിയില്ലെങ്കിൽ അക്കങ്ങളിൽ തൊട്ടു നോക്കൂ...



ഇതു മാത്രമാണോ?

മനുഷ്യനെ വീഴാതെ നിർത്തി ജീവിതവിജയത്തിലേക്കു നയിക്കുന്ന ഘടകങ്ങൾ ഇനിയുമുണ്ട്. അവ നിങ്ങൾ കണ്ടെത്തി അക്കമിട്ടു കുട്ടിച്ചേർക്കൂ.

ഈ വേരുകളെല്ലാം നഷ്ടപ്പെടുമ്പോഴാണ് മനുഷ്യൻ ഒറ്റപ്പെടുകയും ജീവിതം പരാജയപ്പെടുകയും ചെയ്യുന്നത്.

ഇനി, മനുഷ്യൻ്റെ വേരുകൾ ' അമ്മയായ ഭൂമി'യിൽത്തന്നെ എന്നു കഥാകൃത്ത് സൂചിപ്പിക്കുന്നു. 'അമ്മയായ ഭൂമി' എന്ന പ്രയോഗം നൽകുന്ന അർത്ഥസാധ്യതകൾ കണ്ടെത്താൻ ശ്രമിക്കൂ...എന്തൊക്കെയാണ് കണ്ടെത്തിയത്?

ഇനി അക്കങ്ങളിൽ തൊട്ടു നോക്കൂ...

1 2 3 4

കൂടുതൽ അർഥസാധ്യതകൾ കണ്ടെത്തൂ. തുടർന്ന് കണ്ടെത്തിയ ആശയങ്ങളെ മുൻനിർത്തി 'വേരുകൾ' എന്ന കഥയ്ക്ക് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കി അധ്യാപകന് അയച്ചുകൊടുക്കൂ.

*സ്വയം വിലയിരുത്തൽ:*

'വേരുകൾ' എന്ന കഥയുടെ ആശയം മനസിലാക്കാൻ ഈ വർക്ക് ഷീറ്റ് നിങ്ങൾക്ക് ഉപകാരപ്രദമായോ?

| ആശയം | പൂർണം | ഭാഗികം | മനസിലായില്ല |
|---|---|---|---|
| 'വേരുകൾ' എന്ന പ്രയോഗം | | | |
| 'അമ്മയായ ഭൂമി' എന്ന താരതമ്യം | | | |